# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 14,537/- (പതിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 2950/2018/തസ്വഭവ. തിരുവനന്തപുരം, തീയതി. 19.11.2018

---

പരാമർശം:-
1) ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.10.2016 ലെ എ 3/4202/15 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 26.05.2017 ലെ എം3-8340/2017 നമ്പർ കത്ത്.
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 3.04.2018-ലെ കെ.എസ്.എ.12861/ പി.റ്റി2/2017 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം, ഗ്രാമപഞ്ചായത്തിൽ സോഡിയം വേപ്പർലാമ്പുകളും ചോക്കും വാങ്ങിയ ഇനത്തിൽ ചെലവായ 14,537/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. 24.07.2007 ലെ 183/07/തസ്വഭവ ഉത്തരവ് പ്രകാരം വികസനഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യാൻ പാടില്ലാത്തതിനാലായിരുന്നു ടി ചെലവ് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. തുടർന്ന് ടി തുകയുടെ ചെലവിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഉചിത മാർഗ്ഗേന അപേക്ഷ പരാമർശം (2)ലെ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശയോടൊപ്പം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (3) മുഖേന ആയത് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തെരുവ് വിളക്കിനായി സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് 14,537/- രൂപ ചെലവഴിച്ചിരുന്നെങ്കിലും തനത് ഫണ്ടിന്റെ അഭാവം മൂലവും ജനങ്ങളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചുമായിരുന്നു ടി പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന ഭരണ സമിതിയുടെ 25.02.2015 ലെ 111(4)-ാം നമ്പർ തീരുമാനവും, വാങ്ങിയ സാധനങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നതും 5.11.2016 ലെ ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11(18)ാം നമ്പർ തീരുമാനവും പരിഗണിച്ച് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ടിന്റെ അഭാവം മൂലവും ജനങ്ങളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചുമാണ് ടി പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന ഭരണ സമിതിയുടെ 25.02.2015 ലെ തീരുമാനവും, വാങ്ങിയ സാധനങ്ങൾ കൃത്യമായി

ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനവും പരിഗണിച്ചും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശയും സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായവും കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 14,537/- (പതിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കുമാരമംഗലം ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**